# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>'പാർട്ണർ കേരള' നിക്ഷേപക സംഗമം</u>

3058 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'പാർട്ണർ കേരള' എന്ന പേരിൽ സംഘടിപ്പിച്ച നിക്ഷേപക സംഗമത്തിൽ രൂപംകൊണ്ട പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച വിശദവിവരം നൽകുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഇതുപ്രകാരം നടപ്പാക്കുന്ന പി.പി.പി. പദ്ധതികളിൽ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ചുള്ള നടപടിക്രമം എപ്രകാരമാണെന്ന് വിശദമാക്കുമോ;

(സി) പി.പി.പി. അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുമ്പോൾ നിക്ഷേപകർക്ക് എന്തെല്ലാം പരിരക്ഷകളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

രാജീവ് ആവാസ് യോജന

3059 ശ്രീ. വി.ഡി. സതീശൻ
,, എ.റ്റി. ജോർജ്
,, എ.പി. അബ്ദുള്ളക്കുട്ടി
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ് ആവാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) കേരളത്തെ ചേരിരഹിത സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എവിടെയെല്ലാം ഈ പദ്ധതി നടപ്പാക്കി വരുന്നുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

ശുചിത്വകേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

3060 ശ്രീ. ജോസഫ് വാഴക്കൻ
,, ആർ. സെൽവരാജ്
,, അൻവർ സാദത്ത്
,, പി.എ മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുചിത്വകേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം ആവിഷ്കരിച്ചിട്ടുള്ളത് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>സിറ്റി സാനിറ്റേഷന്‍ പ്ലാന്‍</u>

3061 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സിറ്റി സാനിറ്റേഷന്‍ പ്ലാന്‍ തയ്യാറായിട്ടുണ്ടോ;

(ബി) ഇതിനായി എ.എസ്.സി.ഐ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) ഏതെല്ലാം നഗരസഭകളില്‍ പ്രസ്തുത പ്ലാന്‍ തയ്യാറാക്കിയിട്ടുണ്ട്; കോഴിക്കോട് ജില്ലയില്‍ പ്രസ്തുത പ്ലാന്‍ തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കേരള സസ്റ്റൈനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ട്</u>

3062 ശ്രീ. അൻവർ സാദത്ത്
,, എ. റ്റി. ജോർജ്ജ്
,, ഷാഫി പറമ്പിൽ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സസ്റ്റൈനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) നഗരവികസനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനുവേണ്ടി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിന്റെ കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം മാസ്റ്റർപ്ലാൻ</u>

3063 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനുവേണ്ടി നഗരാസൂത്രണ വകുപ്പ് തയ്യാറാക്കിയ മാസ്റ്റർപ്ലാൻ എന്നാണ് പ്രസിദ്ധീകരിച്ചത്;

(ബി) പ്രസ്തുത മാസ്റ്റർപ്ലാനിനെതിരെ ഉയർന്ന വിവാദങ്ങളെത്തുടർന്ന് തുടർനടപടികൾ നിർത്തിവച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത മാസ്റ്റർപ്ലാൻ പ്രകാരം ഓരോ പദ്ധതിക്കും എത്ര ഭൂമി വീതമാണ് വേണ്ടതെന്നും ഏറ്റെടുക്കേണ്ട ഭൂമിയിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്നും വിശദമാക്കുമോ;

(ഡി) മാസ്റ്റർ പ്ലാനിന്റെ തുടർനടപടികൾ ഏതുവിധത്തിലായിരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം മാസ്റ്റർപ്ലാൻ</u>

3064 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മാസ്റ്റർപ്ലാനിനെതിരെ ഉയർന്ന വിവാദങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത മാസ്റ്റർപ്ലാൻ പ്രകാരം ശ്രീകാര്യം, പോത്തൻകോട് മുതലായ പഞ്ചായത്തുകളിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഓരോ പദ്ധതിക്കും എത്ര ഭൂമി വീതം വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) വിവാദങ്ങളുടെ അടിസ്ഥാനത്തിൽ, കുടിയൊഴിപ്പിക്കൽ പരമാവധി ഒഴിവാക്കി പ്രസ്തുത പഞ്ചായത്തുകളിൽ മറ്റു സ്ഥലങ്ങൾ കൂടി കണ്ടെത്തി ഇതേ മാസ്റ്റർ പ്ലാൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>നഗരങ്ങളുടെ മാസ്റ്റർപ്ലാനുകൾ</u>

3065 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ പൂർത്തിയാക്കിയിട്ടുണ്ട് എന്നറിയിക്കുമോ;

(സി) പെരുമ്പാവൂർ മാസ്റ്റർ പ്ലാനിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>നഗരസഭകളുടെ ഗ്രേഡ് ഉയർത്തുന്നതിന് നടപടി</u>

3066 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളുടെ ഗ്രേഡ് ഉയർത്തുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ നഗരസഭകളുടെ ഗ്രേഡ് ഉയർത്തുന്നതിനുള്ള നടപടികൾ എത്രയും വേഗത്തിൽ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

നഗരകാര്യ വകുപ്പ് പാസാക്കിയ നിയമങ്ങളും ഓര്‍ഡിനന്‍സുകളും

3067 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം നഗരകാര്യ വകുപ്പിന്റെ നേതൃത്വത്തില്‍ എത്ര നിയമ നിര്‍മ്മാണങ്ങള്‍ പാസായിട്ടുണ്ട്; ഏതെല്ലാം എന്ന് അറിയിക്കുമോ;

(ബി) ഓര്‍ഡിനന്‍സായി ഇറക്കിയിട്ടുള്ള നിയമങ്ങള്‍ എത്ര; ഏതെല്ലാം എന്ന് അറിയിക്കുമോ;

(സി) ഇവയില്‍ എത്രയെണ്ണം നിയമസഭയിലവതരിപ്പിച്ച് പാസ്സക്കാനായി ബാക്കിയുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇവ നിയമസഭയിലവതരിപ്പിച്ച് പാസ്സാക്കാനായി എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) നിയമസഭയില്‍ പാസ്സാക്കിയ എത്ര നിയമങ്ങള്‍ക്ക് ചട്ടങ്ങള്‍ ഉണ്ടാക്കിയെന്നും അവ ഏതെല്ലാമെന്നും അറിയിക്കുമോ;

(എഫ്) ഈ നിയമങ്ങളും ചട്ടങ്ങളും എന്നുമുതല്‍ നിലവില്‍ വന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>അനധികൃത കെട്ടിടനിർമ്മാണം ക്രമപ്പെടുന്നതിന് നടപടി</u>

3068 ശ്രീ. പി. ഉബൈദുള്ള
'' റ്റി. എ. അഹമ്മദ് കബീർ
'' എം. ഉമ്മർ
'' പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള അനധികൃത കെട്ടിടങ്ങൾ റഗുലറൈസ് ചെയ്തു നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കെട്ടിട നിർമ്മാണ നിയമങ്ങളിലെ അജ്ഞത, തെറ്റിദ്ധാരണ എന്നിവ മൂലമുള്ള നിർമ്മിതികൾ മനപ്പൂർവ്വമായി നിയമം നിഷേധിച്ചുകൊണ്ടുള്ള നിർമ്മിതികൾ എന്നിവ വേർതിരിച്ച് കണക്കെടുപ്പു നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) നിലവിലുള്ളവ ക്രമപ്പെടുത്തുന്നതിനും മേലിൽ അനധികൃത നിർമ്മാണങ്ങളുണ്ടായാൽ കർശനമായി നേരിടുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) അനധികൃതനിർമ്മാണം ക്രമപ്പെടുത്തുന്നതിലൂടെ പിഴയിനത്തിൽ എന്തുതുക സമാഹരിക്കാനാവുമെന്ന് കണക്കാക്കിയിട്ടുണ്ടോ; പിഴയിനത്തിലെ തുക സർക്കാരിനാണോ, തദ്ദേശഭരണസ്ഥാപനങ്ങൾക്കാണോ ലഭിക്കുകയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>മുനിസിപ്പല്‍ പ്രദേശങ്ങളിലെ കെട്ടിടനിര്‍മ്മാണചട്ട ലംഘനങ്ങള്‍</u>

3069 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുനിസിപ്പല്‍ പ്രദേശങ്ങളില്‍ കെട്ടിട നിര്‍മ്മാണചട്ടം ലംഘിക്കുന്നത് കണ്ടെത്തുന്നതിനും നടപടികള്‍ എടുക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏര്‍പ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പരാതി ലഭിക്കാതെ തന്നെ ഇത്തരത്തില്‍ എത്ര ലംഘനങ്ങള്‍ കണ്ടെത്തിയെന്നും എന്തു നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>എസ്.ജെ.എസ്.ആർ. വൈ</u>

3070 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണ ജയന്തി ഷഹാരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ. വൈ) സംസ്ഥാനത്തെ നഗരസഭകളിൽ നടപ്പാക്കുന്നുണ്ടോ; എങ്കിൽ എത്ര നഗരസഭകളിൽ നടപ്പാക്കുന്നുണ്ട്;

(ബി) പദ്ധതി എന്താണ് ലക്ഷ്യമിടുന്നത്; ഈ പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം എപ്രകാരമാണ്;

(സി) എന്നാണ് പദ്ധതി ആരംഭിച്ചത്; ഓരോ വർഷവും എത്ര രൂപയാണ് കേന്ദ്ര സഹായമായി ലഭിച്ചത്; അതിൽ എത്ര രൂപ ഓരോ വർഷവും ചെലവഴിച്ചു;

(ഡി) ഈ പദ്ധതികളുടെ നോഡൽ ഏജൻസി ആരാണ്; ഓരോ വർഷവും എത്ര ഗുണഭോക്താക്കളെ വീതം പദ്ധതിയിൽ ഉൾപ്പെടുത്താനാണ് ലക്ഷ്യമിട്ടിരുന്നത്; എത്ര പേർക്ക് ഈ പദ്ധതിയുടെ ഗുണം ലഭിച്ചുവെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>വികേന്ദ്രീകൃത മാലിന്യ സംസ്കരണം</u>

3071 ശ്രീ. ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, ആർ. സെൽവരാജ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് വീട്ടുകരത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഇളവ് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) വീട്ടുകരത്തിൽ ഇളവനുവദിക്കുന്നത് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് എത്രത്തോളം സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) കമ്പോസ്റ്റ് നിർമ്മാണം, മാലിന്യസംസ്കരണം എന്നിവ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

ഖരമാലിന്യ നിർമ്മാർജ്ജനം

3072 ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടണപ്രദേശങ്ങളിലെ ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തെല്ലാം ആധുനിക പദ്ധതികളാണ് നടപ്പാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) മാലിന്യങ്ങൾ ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതും, വളം നിർമ്മിക്കുന്നതുമായ ആധുനിക പദ്ധതികൾ വ്യാപകമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>മാലിന്യ സംസ്കരണ കമ്പനി രൂപീകരണം</u>

3073 ശ്രീ. റ്റി. എന്‍. പ്രതാപന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, വര്‍ക്കല കഹാര്‍
,, വി. ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നഗരങ്ങളില്‍ മാലിന്യ സംസ്കരണ കമ്പനി രൂപീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കമ്പനിയുടെ ഷെയറുകള്‍ സംബന്ധിച്ച വിശദാംശങ്ങള്‍ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(ഡി) ഏതെല്ലാം സ്ഥാപനങ്ങള്‍ക്കാണ് കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ</u>

3074 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുചിത്വമിഷൻ നടത്തുവാനുദ്ദേശിക്കുന്ന തീവ്രവിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കുമോ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഈ പരിപാടിയിലൂടെ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>ശുചീകരണത്തൊഴിലാളികളുടെ ക്ഷേമം</u>

3075 ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ശുചീകരണത്തൊഴിലാളികള്‍ക്ക് യൂണിഫോം, ഗ്ലൗസ്, ഗംബൂട്ട്, സോപ്പ്, മാസ്ക് എന്നിവ യഥാസമയം നല്‍കുന്നതിന് ബന്ധപ്പെട്ട നഗരസഭകള്‍ക്ക് നിര്‍ദ്ദേശം നല്‍കിയിട്ടുണ്ടോ; എങ്കില്‍ പ്രസ്തുത ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ;

(ബി) സാനിറ്റേഷന്‍ ജോലി ചെയ്യുന്നവര്‍ക്ക് സര്‍ക്കാര്‍ നിഷ്ക്കര്‍ഷിച്ചിട്ടുള്ള ആനുകൂല്യങ്ങള്‍ കൃത്യമായി നഗരസഭകള്‍ നല്‍കുന്നുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതികള്‍ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കില്‍ പ്രസ്തുത പരാതികളിന്മേല്‍ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ;

(ഡി) നഗരസഭകളിലെ മറ്റു ജീവനക്കാര്‍ക്ക് ശമ്പളം നല്‍കുന്ന ദിവസം തന്നെ ശുചീകരണത്തൊഴിലാളികള്‍ക്കും ശമ്പളം ലഭ്യമാക്കാന്‍ നടപടി സ്വീകരിക്കുമോ;

(ഇ) ശുചീകരണത്തൊഴിലാളികള്‍ക്ക് കൃത്യമായ മെഡിക്കല്‍ ചെക്കപ്പും ആവശ്യമായ ചികിത്സയും ഉറപ്പു വരുത്തുമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

## നഗരങ്ങളിലെ വാഹന പാർക്കിംഗ്

T3076 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ വാഹനങ്ങളുടെ പാർക്കിംഗ് സംബന്ധിച്ച അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) വാഹന പാർക്കിംഗിനായി അത്യാധുനിക രീതിയിലുള്ള ബഹുനില ഓട്ടോമാറ്റിക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ടാറ്റാ കൺസൾട്ടൻസി വഴി ജനന - മരണ രജിസ്ട്രേഷൻ

3077 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെ ജനന-മരണ രജിസ്ട്രേഷനും, സർട്ടിഫിക്കറ്റ് നൽകലും ടാറ്റാ കൺസൾട്ടൻസിയെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) നിലവിൽ നഗരസഭകളിൽ ഈ സേവനം ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക സഹായവും സോഫ്റ്റ്വെയറും നൽകുന്ന സ്ഥാപനമേതാണ് എന്നറിയിക്കുമോ ;

(സി) ഇപ്പോൾ ലഭിക്കുന്ന സേവനത്തിന്റെ പോരായ്മകൾ എന്തൊക്കെയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത് ;

(ഡി) ടാറ്റാ കൺസൾട്ടൻസിയെ ഏൽപ്പിക്കുന്നതിലൂടെയുള്ള മെച്ചങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതുസംബന്ധിച്ച് ടാറ്റാ കൺസൾട്ടൻസിയുമായി സർക്കാരോ, നഗരസഭകളോ ഏതെങ്കിലും തരത്തിലുള്ള എം.ഒ.യു. ഒപ്പിട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) ഇത് സംബന്ധിച്ച ചർച്ചകളിൽ നഗരസഭാ കൗൺസിലുകളേയോ പ്രതിനിധികളെയോ പങ്കാളിയാക്കിയിരുന്നോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ജി) പ്രസ്തുത പണികൾ ടി.സി.എസ്.നെ ഏല്പിക്കുന്നതിലൂടെ നഗരസഭകളിൽ അധികമാകുന്ന ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(എച്ച്) ടാറ്റാ കൺസൾട്ടൻസി നൽകുന്ന സേവനത്തിന് ഗുണഭോക്താക്കൾ നൽകേണ്ട ഫീസ് എപ്രകാരമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>മാലിന്യപ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ</u>

3078 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യത്തിന്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ മാലിന്യ സംസ്കരണ പ്ലാന്റ്

3079 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖരമാലിന്യ സംസ്കരണത്തിന് സംസ്ഥാനത്തിനു തന്നെ മാതൃകയായി പ്രവർത്തിക്കുന്ന ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ വൻചെലവുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ശുചിത്വമിഷൻ വഴി പ്രസ്തുത നഗരസഭയ്ക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) നഗരസഭ ഉൽപാദിപ്പിക്കുന്ന വളം സർക്കാർ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>പരവൂർ നഗരസഭയിലെ ഖരമാലിന്യസംസ്ക്കരണം</u>

3080 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിലേക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിൽ ഖരമാലിന്യം സംസ്ക്കരിക്കുന്നതിലേക്കായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കായംകുളം നഗരസഭയിലെ മാലിന്യ നിർമ്മാർജ്ജനം</u>

3081 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം നഗരസഭയിൽ പകർച്ചവ്യാധി നിയന്ത്രണ പരിപാടികളുടെ ഭാഗമായി മാലിന്യ നിർമ്മാർജ്ജനത്തിനും പരിസര ശുചീകരണത്തിനും പ്രാധാന്യം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) കായംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്തുകൂടി ഒഴുകുന്ന കരിപ്പുഴ കനാൽ മാലിന്യങ്ങൾ നിറഞ്ഞ് പകർച്ചവ്യാധി ഭീഷണി ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന് പരിഹാരം കണ്ടെത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>വടകര മുനിസിപ്പാലിറ്റിയിലെ അഴുക്കുചാൽ നവീകരണം</u>

3082 ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വടകര മുനിസിപ്പാലിറ്റിയുടെ പ്രധാന ഭാഗങ്ങളിലെ അഴുക്കുചാലുകൾ നവീകരിക്കാൻ വേണ്ടി നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) വടകര നാഷണൽ ഹൈവേയുടെ പ്രധാന ഭാഗത്തുള്ള വീടുകളിൽ മലിനജലം കയറുമ്പോൾ ജനങ്ങൾ അഴുക്കുചാൽ തടയുന്നതും നഗരത്തിലെ കടകളിൽ അഴുക്കുവെള്ളം കയറുമ്പോൾ കടയടയ്ക്കുന്ന അവസ്ഥയുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ദുരവസ്ഥ തടയുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>വട്ടിയൂർക്കാവ് ജംഗ്ഷന്റെയും അനുബന്ധ റോഡുകളുടെയും വികസനം</u>

3083

ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് ജംഗ്ഷന്റെയും അവിടെനിന്ന് ശാസ്തമംഗലം, പേരൂർക്കട, വഴയില എന്നിവിടങ്ങളിലേക്കുള്ള റോഡുകളുടെയും വികസനം തലസ്ഥാന നഗര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് കണക്കാക്കുന്നതെന്നും ഫണ്ട് ഏതുരീതിയിൽ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ;

(ഡി) പദ്ധതി പൂർത്തിയാക്കുന്നതിന് എത്ര സമയം വേണ്ടി വരും;

(ഇ) പദ്ധതി നിർവ്വഹണം അവലോകനം ചെയ്യുന്നതിന് ജനപ്രതിനിധികളെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>നെടുമങ്ങാട് നഗരസഭയുടെ മാസ്റ്റർ പ്ലാൻ</u>

3084 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെടമങ്ങാട് നഗരസഭയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് മന്ത്രിയുടെ സാന്നിധ്യത്തിൽ ഉന്നതതലയോഗം വിളിച്ചത് എന്നാണ് എന്നറിയിക്കുമോ;

(ബി) പ്രസ്തുത യോഗത്തിന്റെ തീരുമാനങ്ങൾ എന്തൊക്കെയാണ്; എന്ന് വ്യക്തമാക്കുമോ;

(സി) അതിന്റെ അടിസ്ഥാനത്തിൽ നെടുമങ്ങാട് നഗരസഭ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ എന്ന് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ;

(ഇ) മന്ത്രിതല യോഗത്തിൽ എടുത്ത തീരുമാനപ്രകാരം എത്ര റോഡുകളുടെ വികസനത്തിന് ഡി.പി.ആർ തയ്യാറാക്കി കെ.എസ്.യു.ഡി.പി. മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്;

(എഫ്) ഇതിന് എന്തു തുകയാണ് എസ്റ്റിമേറ്റിൽ ഉള്ളത്; എന്നാണ് ഡി.പി.ആർ സമർപ്പിച്ചത്;

(ജി) ഈ റോഡുകളുടെ വികസനത്തിനാവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) നെടുമങ്ങാട് നഗരസഭയുടെ മാസ്റ്റർപ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>കായംകുളം സഹകരണ ബാങ്കിന് കെട്ടിട നിർമ്മാണത്തിനുള്ള അനുമതി</u>

3085 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം സഹകരണ ബാങ്ക് A421 ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിയുമായി ബന്ധപ്പെട്ട അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പും അപാകതകളും</u>

3086 ശ്രീ. പി.കെ. ഗുരുദാസൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, വി. ശിവൻകുട്ടി
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ചതിനുശേഷം നാളിതുവരെ എന്തു തുക അനുവദിക്കപ്പെട്ടു എന്നത് സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിച്ച് പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി

3087 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) നഗരങ്ങളിലെ ദരിദ്രർക്ക് തൊഴിൽ ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം കേന്ദ്രസഹായമാണ് പദ്ധതിയുടെ നടത്തിപ്പിനായി ലഭിക്കുന്നത്;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി</u>

3088 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ മൂന്നുനഗരസഭകളിലായി എത്ര പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ബി) ഇതിൽ എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ആകെ എത്ര തൊഴിൽ ദിനങ്ങളാണ് ലഭ്യമായിട്ടുള്ളത്?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് നഗരത്തിൽ നടപ്പിലാക്കുന്ന കെ.എസ്.യു.ഡി.പി</u>

3089 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ. എസ്.യു.ഡി.പി പ്രകാരം കോഴിക്കോട് നഗരത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ജിഡ ഫണ്ടുപയോഗിച്ചുള്ള കെട്ടിടനിര്‍മ്മാണം

3090 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് മുളവുകാട് പി.എച്ച്.സി. യില്‍ ഐ.പി. വിഭാഗം ആരംഭിക്കുന്നതിനുള്ള കെട്ടിടം നിര്‍മ്മിക്കുന്നതിനുള്ള നിര്‍മ്മാണചെലവ് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കെട്ടിടത്തിന്റെ പ്ലാന്‍, സ്കെച്ച് എന്നിവ തയ്യാറാക്കുന്നതിന് ആരോഗ്യവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നോ; എങ്കില്‍ വിശദമാക്കുക;

(സി) പ്രസ്തുത കെട്ടിടത്തിന്റെ നിര്‍മ്മാണം സംബന്ധിച്ച ചര്‍ച്ചകളില്‍ ഏതെല്ലാം ഘട്ടങ്ങളില്‍ ആരോഗ്യവകുപ്പിന്റെ പ്രതിനിധികള്‍ ഉള്‍പ്പെട്ടിരുന്നുവെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് പാർപ്പിടം</u>

3091 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് പാർപ്പിടം നൽകുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വിധവകൾക്ക് വീട് നല്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ അംഗമാകുന്ന വിധവകൾക്ക് വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) അപേക്ഷകർക്ക് എത്ര ഭൂമിവേണമെന്നും എന്തെല്ലാം രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്നും അപേക്ഷ സ്വീകരിക്കുന്ന ഏജൻസികൾ ഏതെല്ലാമാണെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

പാലൊളി കമ്മിറ്റിയുടെ ശുപാർശകൾ പ്രകാരമുള്ള പദ്ധതികൾ

3092 ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. രാധാകൃഷ്ണൻ
,, പി. റ്റി. എ. റഹീം
,, കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രൂപീകരിച്ചിരുന്ന പാലൊളി കമ്മിറ്റിയുടെ ശുപാർശകൾ പ്രകാരം ആരംഭിച്ച വിവിധ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഇവയുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിൽ പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമവകുപ്പിന്റെ പ്രവർത്തനം</u>

3093 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് നിലവിൽവന്നതെന്നാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വകുപ്പിൽ എത്ര ജീവനക്കാരുണ്ടെന്നും അതിൽ എത്ര സ്ഥിരം ജീവനക്കാരുണ്ടെന്നും എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) വകുപ്പിൽനിന്നു നൽകിവരുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതുവരെ ഓരോവർഷവും വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>മദ്രസ മോഡണൈസേഷൻ സ്കീം</u>

3094 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്രസ മോഡണൈസേഷൻ സ്കീം അനുസരിച്ച് തിരുവനന്തപുരം ജില്ലയിൽ എന്തുതുക ചെലവഴിച്ചിട്ടുണ്ട് ; ഏതെല്ലാം സ്ഥാപനങ്ങൾക്ക് എന്തെല്ലാം ആവശ്യങ്ങൾക്കായിട്ടാണ് ചെലവഴിച്ചതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത സ്കീം അനുസരിച്ച് നെടുമങ്ങാട്, വെമ്പായം, നന്നാട്ടുകാവ്, വാവറ അമ്പലം, വെള്ളൂർ, കണിയാപുരം ജമാഅത്തുകളുടെ നേതൃത്വത്തിലുള്ള മദ്രസകൾക്ക് സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>മദ്രസ അധ്യാപകർക്ക് പലിശരഹിത വായ്പാപദ്ധതി</u>

3095 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മദ്രസ അധ്യാപകർക്ക് പരിശരഹിത വായ്പാ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) വായ്പാ അപേക്ഷ സമർപ്പിക്കുന്നതിനും ലഭിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതിക്കായി പ്രത്യേക ഫണ്ട്</u>

3096 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യുനപക്ഷ വിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതിക്കായി പ്രത്യേക ഫണ്ട് അനുവദിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ; ഈ ഫണ്ട് അനുവദിക്കുന്നതിനുളള മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) 2014 -15 വർഷത്തിൽ എത്ര കുടിവെള്ള പദ്ധതികൾക്കാണ് അനുമതി നൽകുന്നത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ കോച്ചിംഗ് സെന്ററുകൾ</u>

3097 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര കോച്ചിംഗ് സെന്ററുകളാണ് പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സെന്ററുകൾ പ്രവർത്തനമാരംഭിച്ചു;

(സി) ഓരോ സെന്ററിലും എത്രപേർ സെന്ററിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ടെന്നും ഏതെല്ലാം വിഷയങ്ങൾ പഠിപ്പിക്കുന്നുണ്ടെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ കോച്ചിംഗ് സെന്റർ</u>

3098 ശ്രീ. എം.വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമവകുപ്പിനുകീഴിൽ വയനാട് ജില്ലയിൽ കോച്ചിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കോച്ചിംഗ് സെന്ററിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്താക്കുമോ;

(സി) പ്രസ്തുത കോച്ചിംഗ് സെന്ററിലൂടെ നിലവിൽ എന്തെല്ലാം സേവനങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?